ആരംഭിച്ചിട്ടുണ്ട്. കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ശിശുക്കൾ, അശക്തർ, വൃദ്ധർ എന്നിവർക്ക് പാകം ചെയ്ത ഭക്ഷണം പ്രദാനം ചെയ്യുവരുന്നു. പി.വി.റ്റി.ജി. മേഖലകളിൽ ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്താകെയുള്ള പട്ടികവർഗ്ഗ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആവശ്യാനുസരണം പോഷകാഹാരം വാങ്ങി ഭക്ഷിക്കുന്നതിന് പ്രതിമാസം 1000 രൂപ ജനനിജന്മരക്ഷാ പദ്ധതിയിലൂടെ വിതരണം ചെയ്യുന്നു. സർക്കാർ സ്വീകരിച്ച നടപടികൾ ഫലവത്തായി ഭവിച്ചിട്ടുണ്ട്. വയനാട് ജില്ല ഉൾപ്പെടെയുള്ള ജില്ലകളിൽ മേൽ പരാമർശിത വിഷയങ്ങളിൽ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

പട്ടികവർഗ്ഗ ക്ഷേമ പദ്ധതി

300 (672) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾക്കായി ഓരോ വർഷവും എത്ര തുക നീക്കിവച്ചെന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്കായാണ് പ്രസ്തുത തുക നീക്കിവച്ചതെന്നും ഇതിൽ ഓരോ വർഷവും എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ പ്രതിവർഷം പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾക്കായി കേന്ദ്ര ഫണ്ടിനത്തിൽ എത്ര തുക ലഭ്യമായെന്നും ആയത് ഏതെല്ലാം പദ്ധതികൾക്കായി എത്ര വീതം ചെലവഴിച്ചുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾക്കായി ഓരോ വർഷവും ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുകയും അതിൽനിന്നും പൊതുമരാമത്ത് വകുപ്പിനും റൂറൽ ഡെവലപ്മെന്റ് വകുപ്പിനും അനുവദിച്ച തുക ഒഴികെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതിയുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ബഡ്ജറ്റ് വിഹിതം	ചെലവഴിച്ച തുക	ശതമാനം	പട്ടികവർഗ്ഗ വികസന മുഖ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതി വിഹിതം	പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതി വിഹിതം പുരോഗതി	ശതമാനം
2011-12	19771.44	16744.40	84.69	16263.02	15316.76	94.18
2012-13	25027.46	20272.70	81.00	19650.76	19500.21	99.23
2013-14	35846.81	30334.37	84.62	29980.10	29092.21	97.04
2014-15	52199.20	42043.62	80.54	46499.20	40922.40	88.10
2015-16	57756.27	16550.35	28.66	46056.34	16120.48	35.00

ഓരോ വർഷവും അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) കേന്ദ്ര സർക്കാർ 2011-12 വർഷം മുതൽ കേന്ദ്രാവിഷ്കൃത/കേന്ദ്ര സഹായ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സ ധനസഹായം

301 (673) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായമായി നൽകിയ തുക ജില്ല തിരിച്ച് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly